## ഭരണഭാഷ - മാതൃഭാഷ

നമ്പർ യു.ജി.സി. സെൽ 2/29964/2012/കോ.വി.വ.


കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി : 30/04/2019
e-mail-ugccelldce@gmail.com


## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - യു.ജി.സി. 6-ാം സ്കീം പ്രകാരമുള്ള പ്ലേസ്മെന്റ്/ പ്രൊമോഷൻ നടപ്പാക്കുന്നത് - വീഡിയോ കോൺഫറൻസ് നടത്തുന്നത്- സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.

ഈ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിലെയും ട്രെയിനിംഗ് കോളേജുകളിലേയും, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിലേയും യു.ജി.സി. 6-ാം സ്കീം പ്രകാരമുള്ള അദ്ധ്യാപകരുടെ പ്ലേസ്മെന്റ്/പ്രൊമോഷൻ നടപ്പാക്കുന്നത് സംബന്ധിച്ചുള്ള സംശയദൂരീകരണത്തിനായി 2019 മെയ് 4 ന് 10.30 A.M ന് വീഡിയോ കോൺഫറൻസ് നടത്തുന്നതാണെന്ന് അറിയിക്കുന്നു. ഇതു സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ മൂന്ന് ജില്ലകളിലുള്ള കോളേജുകളിലെ ഉദ്യോഗസ്ഥർ തിരുവനന്തപുരം ഗവൺമെന്റ് സംസ്കൃത കോളേജിലെ ഒറൈസ്/എഡ്യൂസാറ്റ് സ്റ്റുഡിയോയിൽ 04.05.19 ന് 10.00 A.M. ന് എത്തിച്ചേരേണ്ടതാണ്.

2. വീഡിയോ കോൺഫറൻസ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ള എല്ലാ കോളേജുകളും 02.05.19 ന് 11.00 A.M. ന് തന്നെ MCU യുമായി ബന്ധപ്പെട്ട് connection through ആക്കി ടെസ്റ്റ് ചെയ്യേണ്ടതാണ്.

3. 04.05.19 ന് 10.00 A.M ന് തന്നെ വീഡിയോ കോൺഫറൻസ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ള എല്ലാ കോളേജുകളും MCUയിലേയ്ക്ക് ബന്ധപ്പെട്ട് connection Live ആയിരിക്കേണ്ടതാണ്. വീഡിയോ കോൺഫറൻസിന്റെ മൈക്ക് ഉദ്യോഗസ്ഥർ സംസാരിക്കുമ്പോൾ മാത്രമേ ഓൺ ചെയ്യേണ്ടതുള്ളു. അല്ലാത്തപ്പോൾ മൈക്ക് ഓഫ് ആക്കിയിരിക്കേണ്ടതാണ്.

4. എഡ്യൂസാറ്റ് സൗകര്യമില്ലാത്ത കോളേജുകളിലേയ്ക്ക് Live streaming ന്റെ ലിങ്ക് 10.15 A.M. ന് തന്നെ അതാത് കോളേജുകളിലെ മെയിലുകളിലേയ്ക്ക് അയയ്ക്കുന്നതായിരിക്കും. പ്രസ്തുത ലിങ്ക് വഴി മീറ്റിംഗ് വ്യൂ ചെയ്യുന്നതിനായി തയ്യാറായിരിക്കേണ്ടതാണ്.


GOVERNMENT OF KERALA 2017-18

5. Live streaming ലൂടെ മീറ്റിംഗ് വ്യൂ ചെയ്യുന്ന എല്ലാ കോളേജുകളും അവരുടെ ചോദ്യങ്ങൾ /സംശയങ്ങൾ oricekerala@gmail.com എന്ന മെയിൽ ID യിലൂടെയോ dcedirectorate@gmail.com എന്ന മെയിൽ ID യിലൂടെയോ അപ്പപ്പോൾ തന്നെ ചോദിക്കേണ്ടതാണ്. ഈ വിധം മെയിലിലൂടെ ചോദിക്കുന്ന ചോദ്യങ്ങൾക്ക് Live streaming ലൂടെ മറുപടി നൽകുന്നതായിരിക്കും.

വിശ്വസ്തതയോടെ,

ഒപ്പ്/-
ഡോ. ഡി.കെ. സതീഷ്.
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർക്കുവേണ്ടി

പകർപ്പ്- 1) പ്രിൻസിപ്പാൾ, (ഗവ. ആർട്സ് & സയൻസ് , ട്രെയിനിംഗ്, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ ) (ഔദ്യോഗിക വെബ്സൈറ്റ്/മെയിൽ മുഖേന)
2) സി.എ ( ഡെപ്യൂട്ടി ഡയറക്ടർ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ/അക്കൗണ്ടസ് ഓഫീസർ )
3) സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) സൂപ്രണ്ട് എ,ബി, സി.ജെ,കെ
5) നടപ്പ് ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/30/4/19